ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

* 362. [421] ശ്രീ. ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിന്റെ കീഴിലുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പ്രവർത്തനം എന്തൊക്കെയാണ് ;

(ബി) എത്ര ട്രെയിനിംഗ് സെൻറുകൾ പഞ്ചായത്തുവകുപ്പിന്റെ കീഴിലുണ്ട് ;

(സി) ഈ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ആർക്കെല്ലാമാണ് പരിശീലനം നല്കുന്നത് ;

(ഡി) ഈ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ചെലവിലേക്കായി ബഡ്ജറ്റിൽ ഈ വർഷം എത്ര ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത് ;

(ഇ) ഈ ഇനത്തിൽ 1985-86 ലേക്ക് ആവശ്യപ്പെട്ട തുക എത്ര ; അനുവദിച്ച തുക എത്ര ;

(എഫ്) ഈ ഇനത്തിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ചെലവായ തുകയെത്ര ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) പരിശീലനത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഓഫീസർമാർക്ക് പഞ്ചായത്തിനെ സംബന്ധിക്കുന്ന നിയമങ്ങളിലും റൂളുകളിലും മറ്റു ബന്ധപ്പെട്ട വിഷയങ്ങളിലും പരിശീലനം നൽകൽ.

(ബി) രണ്ട്.

(സി) പഞ്ചായത്ത് പ്രസിഡൻറുമാർ, മെമ്പർമാർഎക്സിക്യൂട്ടീവ് ആഫീസർമാർ, പഞ്ചായത്ത് ഇൻസ്പെക്ടർമാർ പഞ്ചായത്ത് ജീവനക്കാർ, പഞ്ചായത്ത് വകുപ്പു മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവർക്കാണ് പരിശീലനം നല്കുന്നത്.

(ഡി) നാലുലക്ഷം രൂപ.

(ഇ) ആവശ്യപ്പെട്ടത് 6 ലക്ഷം രൂപ

അനുവദിച്ചത് 4 ലക്ഷം രൂപ

(എഫ്)

1980-81	1,83,497
1981-82	2,15,782
1982-83	2,26,401
1983-84	2,62,150
1984-85	2,84 789
ആകെ	11,73,219

LIBRARY ARCHIVES Kerala Legislative Assembly